## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1490** **19-06-2024 - ൽ മറുപടിയ്ക്ക്**

### പൊതുവിദ്യാഭ്യാസ സ്കൂളുകളോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്കൂളുകൾക്ക് അംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രീപ്രൈമറി സ്കൂളുകൾ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; ഇതിലൂടെ എന്തൊക്കെ നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 3053 പ്രീ-പ്രൈമറി സ്കൂളുകളിലായി ഏകദേശം 1,54,379 വിദ്യാർത്ഥികളാണുള്ളത്. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിലൂടെ മൂന്നു വയസ് മുതൽ ആറ് വയസ് വരെയുള്ള കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസവും ഭാഷാ പുരോഗതിയുമാണ് ഉന്നം വയ്ക്കുന്നത്. |
| (ബി) | പ്രസ്തുത സ്കൂളുകൾക്കെല്ലാം നിലവിൽ അംഗീകാരം നൽകിയിട്ടുണ്ടോ; അവസാനമായി ഏത് വർഷമാണ് സ്കൂളുകൾക്ക് അംഗീകാരം നല്കിയതെന്ന് അറിയിക്കാമോ; ഇനി അംഗീകാരം നൽകാനുള്ളവയ്ക്ക് കൂടി അംഗീകാരം നല്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | 07.12.2012 -ന് ശേഷം ആരംഭിച്ചിട്ടുള്ള പ്രീ-പ്രൈമറികൾക്ക് സർക്കാർ ഉത്തരവ് (കൈ) നം.385/2012/പൊ.വി.വ തീയതി 07.12.2012 പ്രകാരം അംഗീകാരം നൽകുന്നില്ല. |
| (സി) | ഒന്നാം ക്ലാസിലേക്ക് എത്തുന്നതിന് മുൻപ് കുട്ടികൾ ആർജിക്കേണ്ട വിവിധ ശേഷികൾ നേടിയെന്ന് ഉറപ്പിക്കാനുള്ള നടപടികൾ കാര്യക്ഷമമാണോ എന്ന് വിശദമാക്കുമോ; | (സി) | നാലു വയസ്സ് പൂർത്തിയാക്കുമ്പോൾ അഞ്ച് വികാസ മേഖലകളിലായി 87 ശേഷികൾ കൈവരിക്കണം എന്നുള്ളതാണ് പ്രീ സ്കൂൾ പാഠ്യപദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അതിനു അനുയോജ്യമായ പ്രവർത്തനങ്ങളാണ് 'കളിപ്പാട്ടം', 'കളിത്തോണി' എന്നീ പുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടികളുടെ ക്ലാസ്സ് റൂം പ്രകടനങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും, പോർട്ട്ഫോളിയോകളിലൂടെയും പ്രീ സ്കൂൾ അദ്ധ്യാപകർ, നിരന്തരം വിലയിരുത്തലുകൾ നടത്തുകയും കുട്ടികൾ വിവിധ ശേഷികൾ കൈവരിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. |
| (ഡി) | എല്ലാ കുട്ടികൾക്കും സൗജന്യവിദ്യാഭ്യാസം എന്ന തത്വത്തിന് വിരുദ്ധമായി പ്രീപ്രൈമറി സ്കൂളുകളിൽ | (ഡി) | സർക്കാർ ഉത്തരവ് (എം.എസ്) നം.222/2013/ പൊ.വി.വ തീയതി 31.07.2013 പ്രകാരം സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച് പി.ടി.എയുടെ |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തിയിരിക്കുന്ന ഫീസ് സംവിധാനം നിർത്തലാക്കാൻ സർക്കാർ സഹായം ലഭ്യമാക്കുമോ? | | നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ